# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3241

24/02/2016 -ൽ മറുപടിക്ക്

### ഇൻലാന്റ് നാവിഗേഷൻ കാര്യക്ഷമമാക്കുന്നതിന് കർമ്മപദ്ധതി

**ചോദ്യം**

ശ്രീ. ജോസഫ് വാഴയ്ക്കൻ
ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. കെ. മുരളീധരൻ

(എ) ഇൻലാന്റ് നാവിഗേഷൻ കാര്യക്ഷമമാക്കുന്നതിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

**ഉത്തരം**

ശ്രീ. പി.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

(എ) യും (ബി) യും

590 കിലോമീറ്റർ നീളമുള്ള പടിഞ്ഞാറൻ തീര ദേശ പാതയുടെ 422 കി.മീറ്റർ ഭാഗം സംസ്ഥാന ജലപാതയിൽ ഉൾപ്പെടുന്നു. 168 കി.മീറ്റർ ഭാഗം (കൊല്ലം-കോട്ടപ്പുറം) ദേശീയ ജലപാത-3 ആകുന്നു. തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കൊല്ലം വരെയും തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയുമുള്ള ഭാഗങ്ങളിൽ സംസ്ഥാന ജലപാതയുടെ നിലവാരത്തിലും അളവുകളിലും പ്രവൃത്തികൾ നടത്തി നവീകരിച്ച് വരികയാണ്. ഇതിനായി 12-ാം ധനകാര്യ കമ്മീഷൻ, 13-ാം ധന കാര്യ കമ്മീഷൻ, നബാർഡ്, സ്റ്റേറ്റ് ഫണ്ട് എന്നീ ഫണ്ടുകളിൽ നിന്നുള്ള തുകയാണ് വിനിയോഗിച്ചു കൊണ്ടിരിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിലുള്ള ജലപാതയുടെ ആഴം കുറഞ്ഞിട്ടുള്ളത് പുനഃസ്ഥാപിക്കുക, വശങ്ങൾ സംരക്ഷിക്കുക, ജലപാതയുടെ കുറുകേയുള്ള നിർമ്മിതികൾ ആവശ്യമനുസരിച്ച് പുനർ നിർമ്മിക്കുക, നിർദ്ദിഷ്ട വീതിയിൽ കുറവു വന്ന സ്ഥലങ്ങളിൽ വീതി പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ നടത്തി വീതി നിലനിർത്തുക എന്നീ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

കൂടാതെ കോട്ടപ്പുറം-നീലേശ്വരം ജലപാത കാസർഗോഡ് വരെ നീട്ടുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചു വരുന്നു.

മേൽ സൂചിപ്പിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ ഫലമായി 74.18 കി.മീ നീളമുള്ള കോവളം-കൊല്ലം ജലപാതയിൽ ഏകദേശം

25 കി.മീറ്ററും 347 കി.മീറ്റർ നീളമുള്ള കോട്ടപ്പുറം-നീലേശ്വരം ജലപാതയിൽ ഏകദേശം 195 കി.മീറ്റർ ദൂരവും ഗതാഗതയോഗ്യമാണ്. മറ്റു മാർഗ്ഗങ്ങളിൽ കൂടിയുള്ള ഗതാഗതം മൂലം ഉണ്ടാകുന്ന (ഉദാ: റെയിൽ, റോഡ് മുതലായവ) മലിനീകരണം ഒഴിവാക്കുക, പരിസ്ഥിതിയ്ക്ക് അനുയോജ്യമായ ഗതാഗതം സാധ്യമാക്കുക, തിരക്ക് കുറയ്ക്കുക, ഇന്ധന ക്ഷമത കാര്യക്ഷമമാക്കുക, ടൂറിസം മേഖലയുടെ വികസനം ഉറപ്പാക്കുക, അപകടകരമായ വസ്തുക്കളുടെ സുരക്ഷിതമായ നീക്കം എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(സി) ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി Rs.1/ടൺ/ കി.മീ നിരക്കിൽ സബ്സിഡി/ ഇൻസെന്റീവ് അനുവദിച്ച് സർക്കാർ ഉത്തര വായിട്ടുണ്ട്.

കൂടാതെ ദേശീയ ജലപാതയിലൂടെയുള്ള ബാർജുകളുടെ നീക്കം സുഗമമാക്കുന്നതിനായി ഉദ്യോഗമണ്ഡലിലും ചവറയിലും സ്ഥിരം ബർത്തും മറ്റു അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിനായി 150 ലക്ഷം രൂപയും, കോവിൽതോട്ടം പാലം നിർമ്മാണത്തിന് KMML-ന്റെ വിഹിതമായ തനത് എസ്റ്റിമേറ്റിന്റെ 50% തുക, KMMLന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് സർക്കാരിലേക്ക് ഈടാക്കുന്നതാണ് എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ അനുവദിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്.

Sham

സെക്ഷൻ ഓഫീസർ